Draft #1 of File 37140/EB 8-1/2020/EB 8 Approved by ASSISTANT REGISTRAR XI (EXAM) on 06-Oct-2020 12:34 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാല പരീക്ഷകൾ - ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായുള്ള സ്കീമുകൾ സമയബന്ധിതമായി തയ്യാറാക്കി ലഭിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ - പരീക്ഷ കൺട്രോളർ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 4524/EA 2/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 06.10.2020

---

*പരാമർശം:*-1. ഇ.ബി VIII സെക്ഷനിൽ നിന്നുള്ള 18.08.2020 തീയതിയിലെ കുറിപ്പ് .

2. പരീക്ഷാ കൺട്രോളറുടെ 26.09.2020 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

കോവിഡ് 19 വ്യാപന പശ്ചാത്തലത്തിൽ പ്രീ വാല്യവേഷൻ ബോർഡ് മീറ്റിങ്ങുകൾ കൂടി ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയത്തിനായുള്ള സ്കീമുകൾ തയ്യാറാക്കുന്നതിന് നിലവിൽ സാഹചര്യമില്ലാത്തതിനാൽ സ്കീമുകൾ തയ്യാറാക്കുന്നതിനുവേണ്ടി അധ്യാപകർക്ക് ചോദ്യപേപ്പറുകൾ അയച്ചു നൽകുന്നതിനും അദ്ധ്യാപകർ സമയ ബന്ധിതമായി സ്കീമുകൾ തയ്യാറാക്കി സർവകലാശാലയിൽ എത്തിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സൂചിപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഇ.ബി VIII സെക്ഷനിൽ നിന്നും കുറിപ്പ് നൽകിയിരുന്നു.

പ്രസ്തുത വിഷയം പരിഗണിച്ച്, ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിനുള്ള സ്കീമുകൾ യഥാസമയം സർവകലാശാലയിൽ ലഭിക്കുന്നതിനും, മൂല്യ നിർണയ ക്യാമ്പുകളുടെ പ്രവർത്തനം സുഗമമാക്കുന്നതിനും, മൂല്യനിർണയം സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിനും വേണ്ടി താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിച്ച് പരീക്ഷാ കൺട്രോളർ ഉത്തരവായിരിക്കുന്നു.

1) ഓൺലൈൻ ചോദ്യപേപ്പറുകൾ പരീക്ഷയുടെ അതേ ദിവസവും മറ്റ് ചോദ്യപേപ്പറുകൾ പരീക്ഷയുടെ തൊട്ടടുത്ത ദിവസവും അസിസ്റ്റന്റ് രജിസ്ട്രാർ XXI (പരീക്ഷ), അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷ) - ന് കൈമാറേണ്ടതാണ്

2) ഇങ്ങനെ ലഭിക്കുന്ന ചോദ്യ പേപ്പറുകൾ അസിസ്റ്റന്റ് രജിസ്ട്രാർ XI -ന്റെ മേൽനോട്ടത്തിലുള്ള ഇ.ബി സെക്ഷനുകൾ അതേ ദിവസം തന്നെ ബന്ധപ്പെട്ട മൂല്യ നിർണയ ബോർഡ് ചെയർമാന്മാർക്ക് എത്തിച്ചുനൽകേണ്ടതാണ്.

3 ) ചോദ്യപേപ്പർ ലഭിച്ച് പത്തു ദിവസങ്ങൾക്കുള്ളിൽ സ്കീമുകൾ തയ്യാറാക്കി ചെയർമാന്മാർ അസിസ്റ്റന്റ് രജിസ്ട്രാർ XI - ന് എത്തിച്ചുനൽകേണ്ടതാണ്.

**4)** ഓരോ പരീക്ഷയുടെയും എല്ലാ സ്കീമുകളും ഇ.ബി സെക്ഷനുകളിൽ ലഭിച്ചു എന്ന് ഉറപ്പാക്കിയ ശേഷം മാത്രം ഉത്തരക്കടലാസുകൾ മൂല്യ നിർണയത്തിനായി ക്യാമ്പുകളിലേക്ക് കൈമാറേണ്ടതാണ് .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3. സി.ഇ സെക്ഷൻ /ഇ.ബി സെക്ഷനുകൾ / ഇ.എൻ സെക്ഷനുകൾ
4. എ.ആർ V / XI /XVIII / XXI / ഡി.ആർ VIII / ജെ.ആർ I / IV (എക്സാം)
5. ഇ.ബി VIII സെക്ഷൻ (ഫയൽ സഹിതം)
6. ഐ.ക്യൂ.എ.സി / കൺഡന്റ് മാനേജ്മെൻറ് സെക്ഷൻ
7. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

File 37140/EB 8-1/2020/EB 8

Draft #1 of File 37140/EB 8-1/2020/EB 8 Approved by ASSISTANT REGISTRAR XI (EXAM) on 06-Oct-2020 12:34 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം